**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മിൽമ പാലിന് വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാൽ ഉത്പാദനചെലവ് കേരളത്തിൽ കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലാകുകയും, ഉത്പാദന ചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുയും ചെയ്തിരുന്നു. അവസാനമായി പാൽ വില വർദ്ധിപ്പിച്ചത് 2019 ലാണ്.<br><br>കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പാദനചെലവും കണക്കിലെടുത്ത് പാൽ വില വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് കേരള വെറ്റിനറി സർവ്വകലാശാലയിലേയും കാർഷിക സർവ്വകലാശാലയിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദഗ്ധ സമിതിയുടെ പ്രാഥമിക റിപ്പോർട്ട് നവംബർ മാസം ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. സർക്കാർ പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട് |
| (ബി) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പാലിന്റെ വില വർദ്ധനവ് സാധാരണക്കാരെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ബി) | അവശ്യസാധനങ്ങളുടെ എല്ലാം വില വർദ്ധിച്ചിരിക്കുന്നതോടൊപ്പം ക്ഷീര കർഷകർക്കാവശ്യമായ ഉത്പ്പാദനോപാധികളുടെ വിലയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ ക്ഷീര കർഷകരുടെ പാൽ ഉത്പ്പാദന ചെലവ് കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ക്ഷീര വ്യവസായം ഒരു ഉപജീവന മാർഗ്ഗമായിട്ടുള്ള പല ക്ഷീര |

| | | | |
|---|---|---|---|
| | | | കർഷകരും ക്ഷീര മേഖലയിൽ നിന്ന് വിട്ട് നിൽക്കുകയും അവരുടെ ഉരുക്കളെ വിറ്റ് ഒഴിവാക്കുന്ന സാഹചര്യമാണ് നിലവിൽ ഉണ്ടായിട്ടുള്ളത്. ഉരുക്കൾക്കാവശ്യമായ സമീകൃത കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പ്പാദനചെലവും കണക്കിലെടുത്താണ് പാൽ വില വർദ്ധിപ്പിക്കുന്നത്. കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ടെങ്കിലും ഉപഭോക്തൃ സമൂഹത്തെക്കൂടി കണക്കിലെടുത്ത് ലിറ്ററിന് 6 രൂപ മാത്രമേ വിൽപ്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളൂ. |
| (സി) | പാൽ വില വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകന് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതം (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്.<br><br>പുതിയ സംഭരണവില 01.12.2022 മുതൽ നടപ്പിൽ വരുത്തുന്നതാണ് എന്ന് കാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്ന് വരുന്നത്. ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീര വികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ക്ഷീര കർഷകർക്ക് നാല് രൂപ നിരക്കിൽ ഒരു വർഷത്തേക്ക് സർക്കാർ പ്രഖ്യാപിച്ച ഇൻസെന്റീവ് | (ഡി) | കേരളത്തിലെ ക്ഷീര കർഷകരുടെ പാൽ ഉത്പ്പാദനചെലവ് മറ്റു സംസ്ഥാനങ്ങളിലെ |

| | | | |
|---|---|---|---|
| | നൽകിയിരുന്നെങ്കിൽ പാൽ വില വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | | അപേക്ഷിച്ച് കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉത്പ്പാദനചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനായി 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില 6 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമേ ഉല്പാദന ചെലവ് പൂർണ്ണമായും ക്ഷീര കർഷകർക്ക് ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 4 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകിയാൽ തന്നെ പാൽ വില വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

(എ) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാൽ ഉത്പാദനചെലവ് കേരളത്തിൽ കൂടുതലാണ് ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലാകുകയും, ഉത്പാദന ചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യം ഉന്നയിച്ചുകൊണ്ടുരിക്കുയും ചെയ്തിരുന്നു. അവസാനമായി പാൽ വില വർദ്ധിപ്പിച്ചത് 2019 ലാണ്.

കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പാദനചെലവും കണക്കിലെടുത്ത് പാൽ വില വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് കേരള വെറ്ററിനറി സർവ്വകലാശാലയി ലേയും കാർഷിക സർവ്വകലാശാലയിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദഗ്ധ സമിതിയുടെ പ്രാഥമിക റിപ്പോർട്ട് നവംബർ മാസം ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. സർക്കാർ പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്

(ബി) അവശ്യസാധനങ്ങളുടെ എല്ലാം വില വർദ്ധിച്ചിരിക്കുന്നതോടൊപ്പം ക്ഷീര കർഷകർക്കാവശ്യമായ ഉത്പ്പാദനോപാധികളുടെ വിലയിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ ക്ഷീര കർഷകരുടെ പാൽ ഉത്പ്പാദന ചെലവ് കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ക്ഷീര വ്യവസായം ഒരു ഉപജീവന മാർഗ്ഗമായിട്ടുള്ള പല ക്ഷീര കർഷകരും ക്ഷീര മേഖലയിൽ നിന്ന് വിട്ട് നിൽക്കുകയും അവരുടെ ഉരുക്കളെ വിറ്റ് ഒഴിവാക്കുന്ന സാഹചര്യമാണ് നിലവിൽ ഉണ്ടായിട്ടുള്ളത്. ഉരുക്കൾക്കാവശ്യമായ സമീകൃത കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പ്പാദനചെലവും കണക്കിലെടുത്താണ് പാൽ വില വർദ്ധിപ്പിക്കുന്നത്. കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ടെങ്കിലും ഉപഭോക്തൃ സമൂഹത്തെക്കൂടി കണക്കിലെടുത്ത് ലിറ്ററിന് 6 രൂപ മാത്രമേ വിൽപ്പന വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

(സി) പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതം (0.345 രൂപ) മിൽ മയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്.

പുതിയ സംഭരണവില 01.12.2022 മുതൽ നടപ്പിൽ വരുത്തുന്നതാണ് എന്ന് കാണിച്ച് ഫെഡറേഷൻ സർക്കുലറുകൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്ന് വരുന്നത്. ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീര വികസന ഓഫീസർമാരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) കേരളത്തിലെ ക്ഷീര കർഷകരുടെ പാൽ ഉത്പ്പാദനചെലവ് മറ്റ സംസ്ഥാനങ്ങളിലെ അപേക്ഷിച്ച് കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉത്പ്പാദനചെലവിന് ആനുപാതികമായി പാൽ വില വർദ്ധപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിനായി 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില 6 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമേ ഉല്പാദന ചെലവ് പൂർണ്ണമായും ക്ഷീര കർഷകർക്ക് ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 4 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകിയാൽ തന്നെ പാൽ വില വർദ്ധിപ്പിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.